# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 17 No. 09 PUBLISHED FROM DELHI PRICE Rs. 3/- SEPTEMBER 2013

## ക്രൈസ്തവമൂല്യങ്ങളുടെ പ്രഥമ പാഠശാല കുടുംബം: റവ. എ.പി. ഏബ്രഹാം

*ന്യൂഡൽഹി:* ക്രൈസ്തവ മൂല്യങ്ങളിൽ അധിഷ്ഠിതമായ പ്രായോഗിക ജീവിതത്തിന് യുവജനങ്ങളെയും കുഞ്ഞുങ്ങളെയും ഒരുക്കേണ്ടപ്രഥമ പാഠശാല സ്വന്തം കുടുംബങ്ങളാണെന്ന് റവ. എ. പി. ഏബ്രഹാം പ്രസ്താവിച്ചു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ യുവജന വിഭാഗമായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത്മൂവ്മെന്റ് (എഫ്. സി. വൈ. എം.) ഡൽഹി റീജന്റെ ആഭിമുഖ്യത്തിൽ 2013 ആഗസ്റ്റ് 15ന് കിംങ്സ് വേക്യാമ്പ് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ വച്ച് നടത്തിയ ഏകദിന സെമിനാറിൽ മുഖ്യ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

ദൈവം നമുക്ക് നൽകിയിരിക്കുന്ന തലമുറകളെ ദൈവവചനത്തിലും ക്രൈസ്തവമൂല്യങ്ങളിലും വളർത്തിക്കൊണ്ടു വരുവാൻ സഭയ്ക്കും സഭാനേതൃത്വത്തിനും ഉള്ളതു പോലെ തന്നെ മാതാപിതാക്കൾക്കും ഉത്തരവാദിത്വം ഉണ്ട്. വളർന്നു വരുന്ന തലമുറയുടെ മുമ്പിൽ മാതൃകയുള്ള ക്രൈസ്തവ ജീവിതം നയിച്ച് ക്രൈസ്തവ സാക്ഷ്യം പുലർത്തുവാൻ ഒരോ വിശ്വാസിയും ബാധ്യസ്ഥരാണ് എന്ന് അദേഹം വിശദീകരിച്ചു.




സെമിനാറിൽ റവ. എ. പി. ഏബ്രഹാം മുഖ്യസന്ദേശം നൽകുന്നു പാസ്റ്റർ എം. സാമുവൽകുട്ടി, പാസ്റ്റർ സുധാകരൻ എന്നിവർ വേദിയിൽ

"ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ മൂല്യങ്ങൾക്കുള്ള പ്രസക്തി" എന്ന ചിന്താവിഷയം അടിസ്ഥാനമാക്കി നടന്ന സെമിനാറിൽ എഫ്. സി. വൈ. എം. പ്രസിഡന്റ് പാസ്റ്റർ ടി. ഡി. സുധാകരൻ അദ്ധ്യക്ഷത വഹിച്ചു. സെമിനാർ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു. ക്രൈസ്തവ മൂല്യങ്ങൾക്ക് എക്കാലത്തും പ്രസക്തി ഉണ്ട് എന്നും മൂല്യാധിഷ്ഠിത ജീവിതം നയിച്ച് ക്രിസ്തുവിലേക്ക് അനേകരെ നയിക്കുവാൻ യുവജനങ്ങൾ ബാധ്യസ്ഥരാണ് എന്നും അദ്ദേഹം ഉദ്ഘാടന സന്ദേശത്തിൽ ഓർപ്പിച്ചു. എക്സികൂട്ടീവ് കമ്മറ്റി അംഗം ബ്രദർ ഷിബു തമ്പി പ്രബന്ധം അവതരിപ്പിച്ചു. തുടർന്നുള്ള ചർച്ചയിൽ പ്രമുഖ വേദാധ്യാപകനായ റവ. എ. പി. ഏബ്രഹാം മോഡറേറ്ററായിരുന്നു. ജനറൽ സെക്രട്ടറി ബ്രദർ ശീലാസ് സാമുവൽ, എക്സികൂട്ടീവ് കമ്മറ്റി അംഗങ്ങളായ ബ്രദർ രാജേഷ്, ജെയിംസ് പി.പി. എന്നിവർ നേതൃത്വം നൽകി.

## ഐ.സി.എം. സ്കൂളുകളിൽ സ്വാതന്ത്ര്യദിനാഘോഷം

*കോച്ചസ്:* ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രധാന പ്രവർത്തന മണ്ഡലമായ ബീഹാറിലെ കോച്ചസ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളിലും കോച്ചസ് ചൈൽഡ് ഡവലപ്മെന്റ് സെന്ററിലും സെൻഡൂരിയ, ഖുഡുഹൂരിയ എന്നീ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന ഐ. സി. എം. അക്കാദമികളിലും 67-ാം സ്വാതന്ത്ര്യദിനം ആഘോഷിച്ചു.

എല്ലായിടത്തും രാവിലെ കൃത്യം 7.30 ന് സന്നിഹിതരായ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും അദ്ധ്യാപകരേയും സാക്ഷിയാക്കി വിശിഷ്ടാഥിതികൾ ദേശീയ പതാക ഉയർത്തി. പാസ്റ്റർ രജനീകാന്ത്, ലല്ലൻ പ്രസാദ്, എ.കെ. സിംഗ്, നരേദ് റാം , വിനോദ് കുമാർ എന്നിവരായിരുന്നു വിശിഷ്ടാതിഥികൾ. ദേശഭക്തിയെ വിവരിക്കുന്ന പ്രസംഗങ്ങൾ, ഗാനാലാപനം, ലഘു നാടകങ്ങൾ, തുടങ്ങി വിദ്യാർത്ഥികളുടെ നിരവധി കലാപരിപാടികളും അരങ്ങേറി. ദേശീയഗാന ആലാപനത്തോടെ സ്വാതന്ത്ര്യദിന ആഘോഷം സമാപിച്ചു.



ബീഹാറിലെ കോച്ചസിൽ നടന്ന സ്വാതന്ത്ര്യദിന ആഘോഷത്തിന്റ ദൃശ്യം

## ഏകദിന ക്യമ്പ് നടന്നു

*ന്യൂഡൽഹി:* ഐ.പി.സി. നോർത്തേൺ റീജൻ മധ്യമേഖല യുവജന സംഘടന(പി. വൈ.പി.എ.)യുടെ ആഭിമുഖ്യത്തിൽ രോഹിണി സെക്ടർ എട്ടിലുള്ള ഐ.പി.സി. സഭാ ഹാളിൽ വച്ച് ഏകദിന ക്യാമ്പ് നടന്നു. പാസ്റ്റർ കെ.ജി. മത്തായിയുടെ അദ്ധ്യക്ഷതയിൽ അരംഭിച്ച ക്യാമ്പിൽ പാസ്റ്റർ പി.എം. ജോൺ, പാസ്റ്റർ സന്തോഷ് എന്നിവർ മുഖ്യ സന്ദശം നൽകി. യുവജനങ്ങൾ സമൂഹത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കണമെന്ന് മുഖ്യസന്ദേശത്തിൽ പാസ്റ്റർ പി.എം. ജോൺ ഓർപ്പിച്ചു.

ഡൽഹി, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ നിന്നും പങ്കെടുത്ത യുവജനങ്ങളുടെ പ്രത്യേക താലന്തു പ്രദർശന പരിപാടികളും ഉണ്ടായിരുന്നു. പാസ്റ്റർമാരായ ഹാൻസൺ എ. തോമസ്, ഫിലിപ്പോസ് മത്തായി, എൻ.ജി. ജോൺ, തോമസ് മാത്യു, കുര്യൻ പാപ്പച്ചൻ, ഐസക് വി. ജോൺ, സഹോദരന്മാരായ ജയൻ കൃഷ്ണൻ കോട്ടേരി, ഷാലു സാമുവേൽ എന്നിവർ ഈ ക്യാമ്പിന് നേതൃത്വം നൽകി.

**ഉൾപേജുകളിൽ...**

നമുക്കൊരു സ്വപ്നമുണ്ട്: പാസ്റ്റർ എം.സാമുവൽകുട്ടി (ഡൽഹി)

ശാന്തി ദൂത് (കവിത): ഇവ. ജയൻ ജോസഫ് (മണക്കാല)

വിശ്വാസിയും ഗ്രഹവിചാരകത്വവും : പാസ്റ്റർ ബിജു തങ്കച്ചൻ (മുംബൈ)

കോരുന്ന ദാഹജലം..കോരാത്ത ജീവജലം (കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച: പാസ്റ്റർ പ്രിൻസ് (ഗാസിയാബാദ്)

കരുണയുള്ളവർ ഭാഗ്യവാന്മാർ :പാസ്റ്റർ ബിജു ബഞ്ചമിൻ (അടൂർ)

## ഗുഡ്നൂസ് ഫെസ്റ്റിവൽ ഒക്ടോബർ 18-20 വരെ ഡൽഹിയിൽ

*ന്യൂഡൽഹി:* മലയാളത്തിലെ പ്രഥമ പെന്തക്കോസ്തു വാർത്താ വാരികയായ ഗുഡ്ന്യൂസിന്റെയും ശ്രീനിവാസ്പുരി പ്രെയിസ് ചിൽഡൻസ് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ രണ്ടാമത് ഗുഡ്ന്യൂസ് ഫെസ്റ്റിവൽ ഒക്ടോബർ 18 മുതൽ 20 വരെ ശ്രീനിവാസപുരി നേഴ്സസ് റെസിഡൻഷ്യൽ കോംപ്ലക്സിൽ വച്ച് നടക്കും.

പ്രസ്തുത യോഗത്തിൽ സുപ്രസിദ്ധ സുവിശേഷകനായ യോനാഥാൻ അൻസ്വാർ (അംബാല) മുഖ്യ പ്രഭാഷകനായിരിക്കും. കൂടാതെ ഗുഡ്ന്യൂസിന്റെ നേതൃത്വനിരയിലുള്ള സമുന്നതരായ ദൈവദാസന്മാരും ശുശ്രൂഷിക്കുന്നതായിരിക്കും. സിസ്റ്റർ പേഴ്സീസ് ജോണിന്റെ നേതൃത്വത്തിലുള്ള ഗായക സംഘം ആത്മീക ആരാധനയ്ക്ക് നേതൃത്വം നൽകും.

ഫെസ്റ്റിവലിനോടനുബന്ധിച്ച് വടക്കേഇന്ത്യയിൽ കഴിഞ്ഞ നാൽപ്പതിലധികം വർഷങ്ങളായി ദൈവവേലയിലായിരിക്കുന്ന കർത്തൃദാസന്മാരെ ആദരിക്കും.

അതോടൊപ്പം കഴിഞ്ഞ 2012-2013 അദ്ധ്യയനവർഷത്തിൽ +2 വിന് ഉന്നതമാർക്കോടെ പാസായ വടക്കേഇന്ത്യയിലെ പെന്തക്കൊസ്തു സഭകളിലെ കുട്ടികൾക്ക് ക്യാഷ് അവാർഡ് കൊടുക്കുവാനും തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ ഉന്നതമാർക്കോടെ പാസായ കുട്ടികൾ +2 മാർക്ക് ലിസ്റ്റിന്റെ കോപ്പിയും സഭാശിശ്രൂഷകന്റെ ശുപാർശ കത്തും സഹിതം ചീഫ് കോഡിനേറ്റർ പാസ്റ്റർ ടി. എം. ജോസഫിന്റെ (ചുവടേ ചേർത്തിരിക്കുന്ന) വിലാസത്തിൽ അയച്ചുകൊടുക്കണം.

സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരും യാത്രാസൗകര്യത്തിന് വാഹനങ്ങൾ ഇല്ലാത്തവരുമായ വടക്കേഇന്ത്യയിലെ സുവിശേഷകന്മാർക്ക് ഫെസ്റ്റിവലിന്റെ ഭാഗമായി സൗജന്യമായി സൈക്കിൾ വിതരണം ചെയ്യുവാൻ ആഗ്രഹിക്കുന്നു. ആയതിനാൽ അർഹതപ്പെട്ട സുവിശേഷകന്മാർ തങ്ങളുടെ അപേക്ഷകൾ സെൻറർ പാസ്റ്ററുടെ സാക്ഷ്യപത്രത്തോടുകൂടെ ചീഫ് കോഡിനേറ്റർ പാസ്റ്റർ ടി. എം. ജോസഫിന്റെ (ചുവടേ ചേർത്തിരിക്കുന്ന) വിലാസത്തിൽ അയച്ചുകൊടുക്കണം. തിരഞ്ഞെടുക്കുന്ന അപേക്ഷകളിൽ നിന്നും ഇരുപത്തിയഞ്ച് പേർക്ക് സൈക്കിൾ വിതരണം ചെയ്യുന്നതായിരിക്കും.

രക്ഷാധികാരികളായ ബ്രദർ എം. ജോണിക്കുട്ടി, പാസ്റ്റർ ജോർജ്ജ് കെ. തോമസ്, ചീഫ് കോർഡിനേറ്റർ പാസ്റ്റർ ടി. എം. ജോസഫ് എന്നിവരുടെ നേതൃത്വത്തിലുള്ള കോർഡിനേറ്റേഴ്സും കൺവൻഷൻ

(ശേഷം രണ്ടാം പേജിൽ)

*പത്രാധിപ ലേഖനം.......*

# നമുക്കൊരു സ്വപ്നമുണ്ട്



1963 ആഗസ്റ്റ് 28. രണ്ടര ലക്ഷം ആളുകൾ അമേരിക്കയിലെ ലിങ്കൻ സ്മാരകത്തിനു മുന്നിലേക്ക് പ്രകടനമായി ഒഴുകിയെത്തി. നിരത്തി വച്ച മൈക്രോഫോണുകളുടെ മുന്നിലേക്ക് 34കാരനായ ഒരു ചെറുപ്പക്കാരൻ കടന്നുവന്നു. അതുവരെ എഴുതി തയ്യാറാക്കി വച്ചിരുന്ന പ്രസംഗം മാറ്റി വച്ച് ഹൃദയത്തിന്റെ ഭാഷയിൽ അദ്ദേഹം സംസാരിച്ചു തുടങ്ങി, എനിക്കൊരുസ്വപ്നമുണ്ട്- ഈ രാജ്യം അതിന്റെ യഥാർത്ഥ അന്തഃസത്തയിലേക്ക് ഉയിർത്തെഴുന്നേൽക്കുന്ന ഒരു ദിനം വരും. എല്ലാ മനുഷ്യരും തുല്യരായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന സത്യം അന്നു നമ്മൾ ഉയർത്തിപ്പിടിക്കും. എനിക്കൊരു സ്വപ്നമുണ്ട്- അടിമകളുടേയും ഉടമകളുടെയും മക്കൾക്ക് ഒരേ മേശയ്ക്ക് ചുറ്റും സഹോദരന്മാരെപ്പോലെ ഇരിക്കുവാൻ കഴിയുന്ന ഒരു ദിനം. എനിക്കൊരു സ്വപ്നമുണ്ട്- തൊലിയുടെ നിറം കൊണ്ടല്ല, മറിച്ച് സ്വഭാവത്തിന്റെ മേന്മകൊണ്ട് വ്യക്തികളെ വിലയിരുത്തപ്പെടുന്ന രാജ്യത്തിൽ എന്റെ നാലു കുഞ്ഞുങ്ങളും ജീവിക്കുന്ന ഒരു ദിനം. എനിക്കൊരു സ്വപ്നമുണ്ട് - വർണ്ണ വിദ്വേഷം കൊടികുത്തിയ അലബാമയിൽ കറുത്ത ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെളുത്ത ആൺകുട്ടികളും പെൺകുട്ടികളുമായി കൈകോർത്തു സഹോദരീസഹോദരന്മാരായി നടന്നു പോകാൻ കഴിയുന്ന ഒരു ദിനം. നിരാശയുടെ പർവ്വതത്തിൽ നിന്നും പ്രത്യാശയുടെ ശില വെട്ടിയെടുക്കുവാൻ നമുക്കാവും. ഈ വിശ്വാസത്തോടെ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കുവാനും ഒരുമിച്ച് പ്രാർത്ഥിക്കുവാനും ഒരുമിച്ച് പ്രവർത്തിക്കുവാനും ഒരുമിച്ച് പോരാടാനും ഒരുമിച്ച് തടവറയിലേക്ക് പോകാനും ഒരു നാൾ നാം സ്വതന്ത്രരാവുമെന്ന തിരിച്ചറിവോടെ സ്വാതന്ത്ര്യത്തിനായി ഒരുമിച്ച് നിലയുറപ്പിക്കാനും കഴിയും. ജലം പോലെ നീതി ഉരുണ്ടിറങ്ങുകയും കുത്തൊഴുക്കുപോലെ നീതിബോധം വളരുകയും ചെയ്യുന്നതുവരെ ഞങ്ങൾ തൃപ്തരാകപ്പെടുകയേ ഇല്ല.

അസമത്വത്തിനും വംശീയ വെറിക്കുമെതിരെ ജനസാഗരത്തെ സ്തബ്ധരാക്കിക്കൊണ്ട് ഐതിഹാസികമായ പ്രസംഗം നടത്തിയ ആ ചെറുപ്പക്കാരൻ മാർട്ടിൻ ലൂഥർ കിംങ്ങ് ജൂനിയർ ആയിരുന്നു. കറുത്തവന് സ്വപ്നലോകം വാഗ്ദാനം ചെയ്ത മാർട്ടിൻ ലൂഥർ കിംങ്ങ് ജൂനിയറിന്റെ ഐ ഹാവ് എ ഡ്രീം പ്രസംഗത്തിന് ഈ ആഗസ്റ്റ് 28 ന് അമ്പത് വയസ് തികഞ്ഞു. കേവലം പതിനെട്ടോളം മിനിറ്റ് മാത്രമുണ്ടായിരുന്ന ആ പ്രസംഗം അമ്പതു വർഷത്തിനുശേഷവും ലോകത്തെ കോരിത്തരിപ്പിക്കുന്നു. വിശ്വപ്രസിദ്ധമായ പ്രസംഗത്തിന്റെ അമ്പതാം വാർഷിക വേളയിൽ അമേരിക്കയുടെ പ്രസിഡന്റായി കറുത്ത വർഗ്ഗക്കാരനായ ബരാക്ക് ഒബാമ ഭരണം നിർവ്വഹിക്കുന്നുവെന്നത് ചരിത്രനിയോഗവും ആ സ്വപ്നത്തിന്റെ പൂർത്തീകരണവുമാണ്.

കിങ്ങിന്റെ ഏറ്റവും വലിയ സംഭാവന ഒരു ജനതയെ മുഴുവൻ സ്വപ്നം കാണുവാൻ പഠിപ്പിച്ചു എന്നതു തന്നെയാണ്. രണ്ടര ലക്ഷം ശ്രോതാക്കളെ കേൾവിയുടെ മാസ്മരികതയിലും പ്രതീക്ഷയുടെ കൊടുമുടിയിലുമെത്തിച്ച കിങ്ങിന്റെ പ്രസംഗം കേട്ടപ്പോൾ തന്നെ ലിങ്കൺ സ്മാരകത്തിനു മുന്നിൽ അലകടൽപോലെ പരന്നുകിടന്ന ആ ജനം ഒരു സ്വപ്നലോകത്തെത്തിയിരുന്നു. തങ്ങളെയും തുല്യരായി പരിഗണിക്കുന്ന സമത്വസുന്ദരമായ ഒരു ലോകം. ഒരേ സ്കൂൾ, ഒരേ ബസ്, ഒരേ ഹോട്ടൽ, ഒരേ റസ്റ്റോറന്റ്, ഒരേ ക്ലബ്... കറുത്തവനു മുമ്പിൽ എല്ലാവാതിലും തുറന്നിടപ്പെടുന്ന ഒരു ദിനം. അനുയായികൾ മായികലോകത്തു നിൽക്കേ, പഴയൊരു ആത്മീയ ഗാനത്തിന്റെ വരികളോടെ കിംങ്ങ് പ്രസംഗം അവസാനിപ്പിച്ചു. ഒടുവിൽ സ്വതന്ത്രർ, ഒടുവിൽ സ്വതന്ത്രർ, മഹോന്നതനായ ദൈവമേ, ഒടുവിൽ ഞങ്ങൾ സ്വതന്ത്രർ. ഉച്ചഭാഷണിയിലെ ശബ്ദം നിലച്ചപ്പോഴാണ് ജനം സ്വപ്നലോകത്തുനിന്ന് തിരിച്ചു ഭൂമിയിലേക്കിറങ്ങിയത്. വേദിയിലുള്ള പ്രമുഖർ ഓടിയെത്തി കിങ്ങിനെ അഭിനന്ദനപ്രവാഹത്തിൽ മുക്കി. രണ്ടര ലക്ഷം പേരാണ് ഡ്രീം സ്പീച്ച് നേരിട്ട് കേട്ടതെങ്കിൽ പിന്നീട് അനേകായിരം തവണ അത് ആവർത്തിക്കപ്പെട്ടു; ശതകോടി ആളുകൾ കേട്ടു. കിങ്ങിന്റെ ജന്മനാടായ അറ്റ്ലാന്റയിലെ കിങ്ങ് സെന്ററിൽ മുഴുവൻ സമയവും ആ പ്രസംഗം മുഴങ്ങിക്കൊണ്ടിരിക്കുന്നു.

തികഞ്ഞ അച്ചടക്കവും അഹിംസയും പുലർത്തിയതിലൂടെ ഔന്നത്യത്തിന്റെ പടവുകൾ ഓരോന്നായി അദ്ദേഹം ചവിട്ടിക്കയറി. മുപ്പത്തിയഞ്ചാമത്തെ വയസ്സിൽ ലോകസമാധാനത്തിനുള്ള നൊബേൽ സമ്മാനവും അദ്ദേഹത്തെ തേടിയെത്തി. അമേരിക്കയിൽ കടുത്ത വിവേചനം നിലനിന്നിരുന്ന അറ്റ്ലാന്റയിലെ ഒരു പുരോഹിത കുടുംബത്തിൽ 1929 ജനുവരി 15ന് ജനിച്ച മൈക്കൽ പിന്നീട് പേര് മാർട്ടിൻ ലൂഥർ കിംങ്ങ് ജൂനിയർ എന്ന് മാറ്റുകയായിരുന്നു. പ്രാഥമിക വിദ്യഭ്യാസം ജോർജിയയിലെ കറുത്ത വർഗ്ഗക്കാർക്കുള്ള സ്കൂളിൽ പൂർത്തിയാക്കിയ കിങ്ങ് അറ്റ്ലാന്റയിലെ മൂർഹൗസ് കോളജിൽ നിന്ന് ബിരുദമെടുത്തു. തുടർന്ന് മൂന്ന് വർഷക്കാലം ക്രോസർ സെമിനാരിയിൽ ദൈവശാസ്ത്രം പഠിച്ചു. 1955-ൽ ബോസ്റ്റൺ സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് നേടി.

ബാല്യകാലം മുതലേ വംശീയ വെറിയുടെ കയ്പേറിയ അനുഭവങ്ങൾ കിങ്ങിന് നേരിടേണ്ടിവന്നു. സ്കൂളിലും പൊതുസ്ഥലങ്ങളിലും സെമിനാരിയിലും കറുത്തവനെന്ന പേരിൽ നേരിട്ടതെല്ലാം കിങ്ങിന് ജീവിത പാഠങ്ങളായി. സെമിനാരിയിൽ പഠിക്കുന്നതോടൊപ്പം തന്നെ പെൻസിൽവാനിയ സർവ്വകലാശാലയിൽ തത്വശാസ്ത്രം പഠിപ്പിക്കുവാനും സമയം കണ്ടെത്തിയ കിങ്ങ് ഹെഗലിന്റെയും റാവ്ഷെൻബുഷിന്റെയും ഗാന്ധിജിയുടേയും ആശയങ്ങളിൽ ആകൃഷ്ടനായി. വിവേചനങ്ങൾക്ക് വിരാമമിടാൻ വിശ്രമമില്ലതെ പോരാടിയ അദ്ദേഹം വിപ്ലവകരമായ മാറ്റങ്ങൾക്കും വഴിതെളിച്ചു.

മാർട്ടിൻ ലൂഥർ കിംങ്ങ് ജീവിച്ചതിനെക്കാളേറെ കാലം അദ്ദേഹത്തിന്റെ പ്രസംഗം ജീവിച്ചുകഴിഞ്ഞു. 1968 ഏപ്രിൽ നാലിന് ഒരു വെളുത്ത വർഗ്ഗക്കാരന്റെ വെടിയേറ്റ് മരണത്തിനു കീഴടങ്ങുന്നതുവരെ അടിച്ചമർത്തപ്പെട്ടവന്റെ അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തിയ ധീഷണാശാലിയായിരുന്നു കിങ്ങ്. 39 വർഷം നീണ്ട ഹ്രസ്വമായ ജീവിത വഴിയിൽ സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ജനാധിപത്യത്തിന്റെയും ആശയങ്ങൾക്കുവേണ്ടി അദ്ദേഹം നിലകൊണ്ടു. തീർച്ചയായും സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കിയ യുഗശിൽപിയാണ് മാർട്ടിൻ ലൂഥർ കിംങ്ങ്. സ്വന്തം ജീവൻ ബലി നൽകേണ്ടി വന്നെങ്കിലും കിങ്ങിന്റെ സ്വപ്നലോകം പിറന്നു- മാസ്മരിക പ്രസംഗത്തിന്റെ മറ്റൊരു പേരായ ബറാക് ഒബാമയിലൂടെ. അലബാമയിലെ തെരുവുകളിൽ മാത്രമല്ല, വൈറ്റ്ഹൗസിന്റെ അകത്തളങ്ങളിൽ പോലും കറുത്തവർ വിജയക്കൊടി നാട്ടി. ഒരു നൂറ്റാണ്ടിന്റെ നവോത്ഥാനത്തിനു നേതൃത്വം നൽകിയ ഈ മഹാപ്രതിഭയുടെ ഓർമ്മകൾ വംശീയവെറിക്കും വർണ്ണവിവേചനത്തിനും എതിരേയുള്ള പോരാട്ടത്തിന്റെ നിത്യസ്മാരകമായി നിലകൊള്ളും.

നമുക്കൊരു സ്വപ്നമുണ്ട്, യാഥാർത്ഥ്യമാകാൻ പോകുന്ന സ്വപ്നം. മാർട്ടിൻ ലൂഥറിന്റെ സ്വപ്നം യാഥാർത്ഥ്യമായതുപോലെ നമ്മുടെ സ്വപ്നവും യാഥാർത്ഥ്യമാകും. ഈ ലോകത്തിലെ പാപത്തിന്റെ കരി പുരണ്ട ജീവിത വസ്ത്രം കീറിക്കളഞ്ഞ് നിത്യതുറമുഖത്തേക്ക് പ്രവേശിക്കുന്ന ഒരു ദിനം ആഗതമാകും. കറുത്തവനും വെളുത്തവനുമെന്നും പണ്ഡിതനും പാമരനുമെന്നും ഉയർന്നവനും താഴ്ന്നവനും എന്ന വ്യത്യസമില്ലാത്ത ഒരു രാജ്യം വരും. ദൈവിക പ്രമാണങ്ങളെ ആചരിച്ച് വിശുദ്ധിയോടെ ജീവിക്കുന്ന ദൈവമക്കൾ ജീവിക്കുന്ന ദൈവത്തെ മുഖാമുഖം കണ്ട് അവനെ ആരാധിച്ച് അവനോടുകൂടെ സ്വാതന്ത്ര്യത്തോടെ വാഴുന്ന ഒരു ദിനത്തിനായി നാം കാത്തിരിക്കുന്നു, അത് വരും നിശ്ചയം.

***- പാസ്റ്റർ എം. സാമുവൽകുട്ടി***

## ഗുഡ്ന്യൂസ് ഫെസ്റ്റിവൽ

(ഒന്നാം പേജിൽ നിന്നും തുടർച്ച)

കമ്മറ്റിയും കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ചുവടെ ഉള്ള വിലാസത്തിൽ ബന്ധപ്പെടുക.

Pastor T.M JOSEPH,
Qtr. No. - 2, Block - 1
Nurses Residential Complex
King Road, Srinivaspuri
New Delhi - 11o065
Mobile- 09717734871

## ശാന്തി ദൂത്

ധരിത്രിയിൽ ജനിതമാമർത്യനുടെ
ജൈത്രയാത്രയിൽ ശാന്തിയുണ്ടോ?
തേങ്ങുന്നുവോ നിൻഹൃദയം നിരാശയിൽ
ആത്മഹൂതിക്കൊരുങ്ങുന്നുവോ

സൃഷ്ടിദാതാവാം നിന്നുടെ നാഥൻ
പ്രാരാബ്ധമൊക്കെ തീർക്കുമാശക്തൻ
സമർപ്പിക്കു നിൻ ഹൃത്തിനെ ക്രിസ്തുവിൽ
ആർത്തിയെ തീർക്കുമാകർത്തൻ

മർത്യനുരചെയ്യും സമാധാനം ക്ഷണികം
ശാന്തിയും ധരണിയിൽ നിലനില്പതല്ല
സമാധാന വചസ്സുകളേകുന്നു നാഥൻ
ശീഘ്രമായ് വന്നിടും വാനതിൽ

ആകുല ചിത്തരായ് നിൽക്കും ജനതയ്ക്കാ-
ശ്വാസമേകും സമാധാനദൂതുമായ്
മഹിമയിൽ രാജ്യവ്യപ്തിക്കായ്
പോകുമോ നീയിന്നു വേഗത്തിൽ

**ഇവാ. ജയൻ ജോസഫ് മണക്കാല**


## വിശ്വാസ ഗീതങ്ങൾ

*ഒരു ഉത്തമ ഗാനോപഹാരം*

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി
1000ൽപ്പരം ഗാനങ്ങൾ

**വിശ്വാസ സംവാദങ്ങൾ, ഡയലോഗ്സ് ഇൻ ഫെയ്ത്ത്**
(ഇംഗ്ലീഷ്) എന്നീ പുസ്തകങ്ങളും ലഭ്യമാണ്.

കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, പ്രേംവാണി, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്)
എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

കോപ്പികൾക്ക്:-
**Pastor M. Samuelkutty**
Yash Nivas, 101, Block -A,
96/E, Ward No: 2, Mehrauli,
New Delhi-110 030



**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |


## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ


ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# വിശ്വാസിയും ഗ്രഹവിചാരകത്വവും



പാസ്റ്റർ ബിജു തങ്കച്ചൻ
മുംബൈ

**കൊ**രിന്തിലെ ദൈവസഭക്ക് ലേഖനം എഴുതുമ്പോൾ പൗലൊസ് അവിടെയുള്ള വിശ്വാസികളെ ബോധ്യപ്പെടുത്തുന്ന ഒരു പ്രധാന വസ്തുതയാണ് ഗ്രഹവിചാരകത്വം എന്നത്. വിശ്വാസജീവിതം ഉത്തരവാദിത്വത്തോടെ നയിക്കണം എന്ന വസ്തുത വ്യക്തമാക്കുവാനാണ് പൗലൊസ് ശ്രമിക്കുന്നത്. ദൈവം അവർക്ക് നൽകികൊടുത്ത കൃപകളും കൃപാവരങ്ങളും ദൈവനാമ മഹത്വത്തിനായി ഉപയോഗിക്കുന്നതിനു പകരം അത് ഭിന്നതക്കും പരസ്പര വിരോധത്തിനും കാരണമാകുന്ന നിലയിൽ ഉപയോഗിക്കുന്നു എന്ന് ക്ലോവയുടെ ആളുകൾ പൗലൊസിനെ അറിയിച്ചു. ഇത് പൗലൊസിന്റെ ഹൃദയത്തിന് വേദനാകരമായി തീർന്നു. വിശ്വസ്തതയോടെ വിശ്വാസജീവിതം നയിക്കണമെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ പൗലൊസ് ആഗ്രഹിച്ചു. അതിന് പൗലൊസ് കണ്ടെത്തിയ ദൃഷ്ടാന്തമായിരുന്നു ഗൃഹവിചാരകൻ എന്നത്.

നിങ്ങൾക്ക് വലിയ ദൈവകൃപ നൽകിയിരിക്കുന്നു എന്നും ദൈവവചനത്താലും കൃപാവരങ്ങളാലും നിങ്ങൾ സമ്പന്നരായിരിക്കുന്നുവെന്നും (1 കൊരിന്ത്യർ 1: 4-7) ആ ദൈവകൃപയും കൃപാവരങ്ങളും വചനജ്ഞാനവും എല്ലാകഴിവുകളും വിശ്വസ്തതയോടെ വിനിമയം ചെയ്യണമെന്നും പൗലൊസ് ഓർമ്മിപ്പിക്കുകയാണ്.

കർത്താവായ യേശുക്രിസ്തു തന്റെ പഠിപ്പിക്കലുകളിലും താലന്തുകൾ വിശ്വസ്തതയോടെ വിനിമയം ചെയ്യേണ്ടതിന്റെ ആവശ്യകത ബോധ്യമാക്കുന്ന ഉപമകൾ പ്രസ്താവിച്ചിട്ടുണ്ട്. താലന്തുകൾ കൊടുക്കുന്ന ഉപമയിൽ കണക്കു ചോദിക്കുന്ന ഒരാൾ ഉണ്ടെന്നും വിശ്വസ്തതയോടെ വിനിമയം ചെയ്യുതവർക്കേ കണക്കു തീർക്കുന്ന നാളിൽ ധൈര്യത്തോടെ നിൽപ്പാൻ കഴിയൂ എന്നും ബോധ്യപ്പെടുത്തുന്നുണ്ട്. ഗ്രഹവിചാരകത്വം എന്ന വിഷയ വിശകലനത്തിൽ മൂന്ന് പ്രധാന വസ്തുതകൾ വ്യക്തമാകുന്നു.

**1. എല്ലാം ലഭിച്ചതാണ്.**

ഒരു ഗ്രഹവിചാരകൻ കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ അവന് ഈ ബോധ്യം ഉണ്ടായിരിക്കണം. ഒരുത്തന് അനുകൂലമായും ഒരുത്തന് പ്രതികൂലമായും ചീർത്തുപോകാതിരിക്കണമെങ്കിൽ സകലവിശ്വാസികൾക്കും ഈ ബോധ്യം ഉണ്ടാകണം. ലഭിച്ചതല്ലാതെ മറ്റൊന്നുമില്ല (1കൊരിന്ത്യർ 4:7). നമ്മുടെ പക്കലുള്ളത് ദൈവം നമ്മെ ഏൽപ്പിച്ചതാണെന്നും മറ്റുള്ളവരുടെ പക്കലുള്ളത് ദൈവം അവരെ ഏൽപ്പിച്ചതാണെന്നും ഓരോ വിശ്വാസിയും അറിഞ്ഞിരിക്കണം. ആ ബോധ്യമാണ് നല്ല ഗ്രഹവിചാരകരായിരിപ്പാൻ പ്രഥമമായി ഉണ്ടാകേണ്ടത്. നമ്മുടെ കഴിവുകളിലോ ഉയർച്ചയിലോ ഭൗതീക സമ്പത്തിലോ പ്രശംസിക്കാനുള്ള പ്രവണത ഉണ്ടാകുമ്പോൾ ഈ ബോധ്യം നമ്മേ തടഞ്ഞുനിർത്തും. കാരണം, നമ്മുടെ കയ്യിലുള്ളതൊന്നും നമ്മുടേതല്ലല്ലോ. എല്ലാം ലഭിച്ചതല്ലെ. ലഭിച്ചതല്ല എന്ന പോലെ പ്രശംസിക്കാൻ ഒരു വിശ്വാസിക്കു സാധിക്കില്ല.

> രാജത്വം പ്രാപിച്ച് മടങ്ങിവരുവാനായിട്ടാണ് കുലീനനായ മനുഷ്യൻ പോയിരിക്കുന്നത്. രാജാധിരാജാവായി അവൻ വരുമ്പോൾ താൻ ദ്രവ്യം കൊടുത്ത ദാസന്മാർ എന്തുനേടി എന്നറിയേണ്ടതിന് വിളിക്കും. അന്ന് ഓരോ വിശ്വാസിയും കണക്ക് കൊടുക്കേണ്ടി വരും. ഇത് ഗ്രഹവിചാരകനായ വിശ്വാസി ഗ്രഹിക്കേണ്ടതാണ്.

**2. പ്രാപ്തിപോലെയാണ് ലഭിച്ചിരിക്കുന്നത്.**

ഓരോ വിശ്വാസികൾക്കും വ്യത്യസ്തമായിട്ടാണ് ഉടയവൻ താലന്തുകൾ നൽകിയിരിക്കുന്നത്. ചിലർക്ക് അഞ്ചും ചിലർക്ക് രണ്ടും ചിലർക്ക് ഒന്നും. ലഭിച്ചത് വ്യത്യസ്തമാണ്. ഓരോരുത്തർക്കും അവരവരുടെ പ്രാപ്തി പോലെ കൊടുത്തു എന്നാണ് ഉപമയിൽ ക്രിസ്തു വ്യക്തമാക്കിയത് (മത്തായി 25:14-15). അത് ഉടമസ്ഥന്റെ ഇഷ്ടമാണ്. അതിനെ ചോദ്യം ചെയ്യാൻ സാധ്യമല്ല. പിതാവേ നിനക്ക് അങ്ങനെയല്ലോ പ്രസാദം തോന്നിയത് എന്ന് പ്രസ്താവിക്കാനേ നമുക്ക് സാധിക്കു.

**3. വ്യാപാരം ചെയ്യാനായി ലഭിച്ചിരിക്കുന്നു.**

ദൈവം നമുക്ക് തന്ന സർവ്വവും വ്യാപാരം ചെയ്യുവാനായി തന്നിരിക്കുകയാണ്. ഒരു ഗ്രഹവിചാരകൻ തന്റെ പക്കൽ ഏൽപ്പിച്ചിരിക്കുന്നത് പൂഴ്ത്തി വയ്ക്കുവാനോ പൂട്ടി വയ്ക്കുവാനോ അല്ല ആവിശ്യാനുസരണം വിവേകത്തോടെ വ്യാപാരം ചെയ്യേണം. ഞാൻ വരുവോളം വ്യാപാരം ചെയ്തുകൊൾക(ലൂക്കൊസ് 19:13) എന്നാണല്ലൊ ദൈവരാജ്യം സംബന്ധമായ ഉപമയിൽ യജമാനൻ ദാസന്മാരോട് പറയുന്നത്.

രാജത്വം പ്രാപിച്ച് മടങ്ങിവരുവാനായിട്ടാണ് കുലീനനായ മനുഷ്യൻ പോയിരിക്കുന്നത്. രാജാധിരാജാവായി അവൻ വരുമ്പോൾ താൻ ദ്രവ്യം കൊടുത്ത ദാസന്മാർ എന്തുനേടി എന്നറിയേണ്ടതിന് വിളിക്കും. അന്ന് ഓരോ വിശ്വാസിയും കണക്ക് കൊടുക്കേണ്ടി വരും. ഇത് ഗ്രഹവിചാരകനായ വിശ്വാസി ഗ്രഹിക്കേണ്ടതാണ്.

വിശ്വസ്തനായ ഒരു ഗ്രഹവിചാരകനായി സഭാനാഥന്റെ മുമ്പിൽ പ്രാഗത്ഭ്യത്തോടെ നിൽപ്പാൻ വിശ്വാസികൾക്ക് കഴിയട്ടെ.

# കോരുന്ന ദാഹജലം കോരാത്ത ജീവജലം

(നാലാം പേജിൽ നിന്നും തുടർച്ച)

താന്ത്യം വരെയും വൈകാരികമായി അതിനെ സൂക്ഷിക്കുന്നതും, ഏറ്റവും ശ്രേഷ്ഠമായി അതിനെ ഉയർത്തിക്കാണിക്കാനും ശ്രമിക്കുന്നതിന്റെ കാരണം അതവർക്ക് കേവലം വിലയേറിയ ഒരു വസ്തു ആയതുകൊണ്ടല്ല മറിച്ച് അതാരുടേയോ ഹൃദയത്തിൽ നിന്നും ഉപഹാരമായി (ദാനം) ലഭിച്ചതുകൊണ്ടാകണം.

മാനുഷിക മൂല്യങ്ങളിൽ ഗിഫ്റ്റിന് വളരെ പ്രാധാന്യം ഉണ്ടെങ്കിൽ ദൈവീകദാനത്തിൽ എത്രയേറെ മൂല്യങ്ങളുണ്ടാകണം. ഈ ലോകത്തിൽ വിലകൊണ്ടും വലിപ്പം കൊണ്ടും ശ്രേഷ്ഠമായ അനേക ദാനം കിട്ടിയ വസ്തുക്കളോ, സ്വത്തു സമ്പത്തുകളോ ഉണ്ടെങ്കിലും അതൊന്നും ദൈവം തന്ന ദാനത്തോട് ഒരിക്കലും കിടപിടിക്കുന്നതല്ല. ഈ ലോകത്തിലെ ഏറ്റവും മഹത്തരമേറിയതും, വിലയേറിയതുമായ ദാനം ദൈവം നൽകിയതായിരുന്നു. വേദപുസ്തകം പറയുന്നു, തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവരെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ഏകജാതനായ പുത്രനിൽകൂടി ലഭിക്കുന്നതാണ് നിത്യമായ രക്ഷ. അതായിരുന്നു ലോകത്തിൽ വച്ചേറ്റവും മഹത്തരമായി ദാനം. യഹൂദനും ശമര്യനും യവനനും ബർബ്ബരനും എന്നു വേണ്ട സകലരിലും മനുഷ്യൻ സ്ഥാപിച്ച മതമോ ജാതിയോ ഗോത്രമോ എന്തിലും ഇത്രയും മഹത്തരമായ ഒരു ദാനം നമുക്ക് കാണുവാൻ സാധിക്കില്ല. മേൽപ്പറഞ്ഞവരായ എല്ലാവരും ആ ദാനത്തെപ്പറ്റി അറിയണം എന്ന ദൈവിക നീതിയാണ് ശമര്യക്കാരിയിലേക്ക് കർത്താവായ യേശു പകർന്നു നൽകിയ വാക്കുകൾ. ദൈവിക ദാനത്തെപ്പറ്റി ഒരുവൻ മനസ്സിലാക്കുമ്പോൾ അവിടെ ശമര്യനും യഹൂദനും എന്നുള്ള വേർതിരിവുകളില്ല. ജാതിയോ, മതമോ, നിറമോ കുടുംബമോ ഒന്നുമില്ല. അവിടെ ദൈവം ദാനം നൽകുന്ന ദാതാവും മനുഷ്യൻ ആരുമാകട്ടെ അവരെല്ലാം ദാനം വാങ്ങുന്നവരും മാത്രമായിരിക്കും.

ദൈവത്തിന്റെ ദാനത്തെപ്പറ്റി അറിയുന്നവൻ തന്റെ ഏതു ധാരണയേയും മാറ്റാൻ കഴിയുന്നവനായിരിക്കും. വാദപ്രതിവാദങ്ങളെക്കാൾ കർത്താവിനിഷ്ടം ചുരുങ്ങിയ വാക്കുകളിൽ കാര്യം ഗ്രഹിപ്പിക്കുന്നതായിരുന്നു. ദൈവത്തിന്റെ ദാനത്തെ യഥാർത്ഥമായി സ്വീകരിച്ചവൻ പിന്നെ ലോകത്തിന്റെ മാമൂലുകളിൽ കെട്ടുപിണഞ്ഞു കിടക്കുന്നവനല്ല. കാരണം, ഈ ലോകത്തിൽ ഒരു മനുഷ്യനും സാധിക്കാതെ പോയതായിരുന്നു ലോകത്തിൽ ദൈവം സാധിപ്പിച്ചത്. ദൈവത്തിന്റെ ഏകജാതനായ പുത്രനെ ലോകത്തിലേക്ക് അയച്ചു; ഓരോ തുള്ളി രക്തത്തിനും ഒരു കോടി പുണ്യപ്രവർത്തികളേക്കാൾ വിലയുണ്ടായിരുന്നു. ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹ രക്തമായിരുന്നു ആ പുത്രന്റെ ശരീരത്തിൽ ഉണ്ടായിരുന്നത്. ലോകത്തിൽ ആരു വിചാരിച്ചാലും വീട്ടാൻ സാധിക്കാത്ത കടങ്ങൾ ആ രക്തം ദാനമായി നൽകി ദൈവം വീട്ടിയെടുത്തു. പ്രീയരെ, ദൈവത്തിന്റെ ദാനത്തെപ്പറ്റി അറിയുമ്പോൾ നമ്മിൽ വേർതിരിവുകളില്ല എന്നു കർത്താവ് പറഞ്ഞുവെങ്കിൽ ആത്മീയ ലോകത്തിൽ പിന്നെ നമുക്ക് എന്തിന് വേർതിരിവുകൾ? ശുശ്രൂഷയിലും സാമ്പത്തികത്തിലും ജീവിതനിലവാരങ്ങളിലും എല്ലാം വരുന്ന കാതലായ മാറ്റം ആത്മീക ജീവിതത്തിൽ ദൈവത്തിന്റെ ദാനം മൂലമാണെന്നത് ഓർത്തുകൊള്ളുക.

ദൈവത്തിന്റെ ദാനം ഒരുവനിൽ വരുത്തുന്ന മാറ്റം എപ്പോഴും സമൂലമായ മാറ്റമായിരിക്കും. നിത്യജീവനു വേണ്ടി ഒരു പിതാവ് തന്റെ പുത്രനെ നൽകി എന്ന സത്യം തിരിച്ചറിയുന്ന ഏവനും ആ പുത്രൻ ലോകത്തിൽ വന്നതിന്റെ കാരണം ഞാനും കൂടി ആയിരുന്നല്ലോ എന്നും തിരിച്ചറിയുമ്പോൾ എല്ലാ വാദങ്ങളേയും മാറ്റി വച്ച് ദൈവം തരുന്ന ജീവജലത്തിനു വേണ്ടി ആഗ്രഹിച്ചുപോകും. ആ സത്യമാണ് യേശു ശമര്യക്കാരിയെ മനസ്സിലാക്കുന്നത്. നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞിരുന്നു എങ്കിൽ നീ അവനോട് ചോദിക്കുകയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു.

ദാഹജലത്തെ ജീവജലമാക്കാൻ കർത്താവിനു സാധിക്കുമെങ്കിൽ ദൈവത്തിന്റെ മുമ്പിലേക്ക് കടന്നുവരുന്ന നമ്മെ അവൻ എന്താക്കാ മാറ്റും? കോരുന്ന ദാഹജലത്തിൽ നിന്നും കോരാത്ത ജീവജലത്തിലേക്കുള്ള ദൂരം ദൈവത്തിന്റെ വഴികളെക്കുറിച്ചുള്ള തിരിച്ചറിവാണെങ്കിൽ നമ്മിൽ ആ മാറ്റം ഉണ്ടായിക്കഴിഞ്ഞു. മാനസാന്തരം വന്നവന്റെ ജീവിതം, പ്രവൃത്തി സ്നേഹം കൊടുക്കൽ വാങ്ങൽ ഇതിലെല്ലാം മാറ്റങ്ങൾ അനിവാര്യമാണ്. മാറ്റങ്ങൾ ഇല്ലാത്തവൻ ദൈവീക മർമ്മങ്ങൾ ഗ്രഹിച്ചിട്ടില്ല. മാറ്റം ആഗ്രഹിക്കാത്തവൻ മനുഷ്യനുമല്ല. ശിലായുഗത്തിൽ നിന്നും ചൊവ്വായുഗം വരെ എത്തി നിൽക്കുന്ന മനുഷ്യൻ മാറ്റത്തിന്റെ വക്താവാണെങ്കിൽ പാപത്തിന്റെ അന്ധകാരത്തിൽ നിന്നും ദൈവ ദാനം പ്രാപിച്ചു നിത്യജീവനു വേണ്ടി ഒരുങ്ങുന്നവർ എത്രയധികം മാറ്റങ്ങൾ കൈവരിക്കേണം. പ്രാർത്ഥനയോടെ ചിന്തിക്കുക.

തുടരും

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

## കോരുന്ന ദാഹജലം കോരാത്ത ജീവജലം



**പാസ്റ്റർ പ്രിൻസ് പുന്നുച്ചിറകുളത്തിൽ**
**ഗാസിയാബാദ്**

*നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞിരുന്നു എങ്കിൽ നീ അവനോട് ചോദിക്കുകയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു.*

ജാതീയതയുടെ ഉച്ചസ്ഥായിയിൽ നിന്നുകൊണ്ട് സുന്ദരനും മൃദുഭാഷിയുമായ യുവാവിന് വെള്ളം വിലക്കിയ സ്ത്രീയോട് ആ യുവാവ് തന്നെ പറയുന്ന മറുപടിയാണിത്. തന്റെ മുമ്പിൽ നിൽക്കുന്ന വ്യക്തി ആരാണ് എന്ന് ആ സ്ത്രീയ്ക്ക് അറിവുണ്ടായിരുന്നില്ല. ആ സ്ത്രീയ്ക്ക് മാത്രമല്ല ആ പട്ടണത്തിലെ ആർക്കും തന്നെ അദ്ദേഹത്തെ പരിചയമില്ല.

ഗർഭപാത്രത്തിൽ നിന്നും ഈ ഭൂമിയുടെ സസ്യശ്യാമള കോമളമായ മടിത്തട്ടിലേക്ക് ആ സാമൂഹിക ചുറ്റുപാടുകളിൽ പിറന്നു വീഴുന്ന ഒരു കുഞ്ഞ്, അവൻ യഹൂദനാകട്ടെ, ശമര്യനാകട്ടെ, അന്നു മുതൽ കേട്ടു വളരുന്ന ആശയം നമ്മളും അവരും തമ്മിൽ സമ്പർക്കമില്ല എന്നതാണ്. മേൽപ്പറഞ്ഞ കുഞ്ഞ് പ്രായപൂർത്തിയിലെത്തുമ്പോൾ പകയുടെയും വിദ്വേഷത്തിന്റെയും മത്സരത്തിന്റെയും ജാതീയ വേർതിരിവിന്റെയും വിഷച്ചെടികൾ നിബിഡമായി വളരുന്ന മനസ്സെന്ന വിളനിലത്തിന്റെ ഉടമസ്ഥനായി മാറുകയാണ്. അത്തരത്തിലുള്ള ഒരു മനസ്സിന്റെ ഉടമയായിരുന്നു നമ്മൾ പരിചയപ്പെട്ട ആ ശമര്യാസ്ത്രീ. ആ സാഹചര്യത്തിൽ മാനുഷികമായ ന്യായ വാദങ്ങൾ നിരത്തി തന്റെ സ്ത്രീജന്മത്തിൽ അവൾ സ്വായത്തമാക്കിയ അറിവുകളുടെ ആഴമളക്കുവാനോ ധാരണകളെ തിരുത്തുവാനോ അല്ല യേശു ശ്രമിക്കുന്നത്. ദാഹജലത്തിൽ നിന്നും ജീവജലത്തിലേക്ക്, മാനുഷികതയിൽ നിന്നും ദൈവീകതയിലേക്ക്, ജഢീക അറിവുകളിൽ നിന്നും ആത്മീയ അറിവുകളിലേക്ക് ഒരു ചുവടുമാറ്റത്തിനാണ് കർത്താവ് ആഗ്രഹിക്കുന്നത്.

നീ ദൈവത്തിന്റെ ദാനം എന്ന വാചകം മലയാളത്തിൽ വളരെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. പലരും ശമര്യാക്കാരിയായ സ്ത്രീയെ ദൈവീകദാനം എന്ന നിലയിലാണ് മനസ്സിലാക്കിയിരിക്കുന്നത്. എന്നാൽ ശരിയായ ആശയം, നീ ദൈവത്തിന്റെ ദാനത്തെപ്പറ്റിയും, കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞിരുന്നെങ്കിൽ എന്നതായിരുന്നു. ദൈവത്തിന്റെ ദാനം എന്ന ആശയത്തെ പല തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ആ വ്യാഖ്യാനങ്ങളിൽ പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്ന രണ്ടു കാര്യങ്ങൾ ഇപ്രകാരമാണ്. ഒന്നാമത്തേത് കർത്താവ് തന്നെപ്പറ്റിത്തന്നെ ആ സ്ത്രീയോടു പറയുന്നു എന്നും , രണ്ടാമത്തേത് രക്ഷയെപ്പറ്റി പറയുന്നു എന്നുമാണ്. എന്റെ ചിന്തയിൽ അതു രണ്ടും ഒന്നായിരിക്കുന്നു എന്നതാണ്. കർത്താവിൽ കൂടി രക്ഷയും രക്ഷ കർത്താവിൽ കൂടിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഇതു രണ്ടും ശരിയാണെന്നും, പരസ്പര പൂരകങ്ങളായിരിയ്ക്കുന്നു എന്നും കരുതാവുന്നതാണ്.

ദാനം എന്ന വാക്ക് വളരെ ലളിതമാണ്. ആംഗലേയ ഭാഷയിൽ നാമതിനെ ഗിഫ്റ്റ് എന്നു വിളിക്കുന്നു. ദൈനം ദിന ജീവിതത്തിൽ എന്നും കേൾക്കുന്ന വാക്കായതിനാൽ നാമതിന്റെ അർത്ഥതലങ്ങളെപ്പറ്റി ചിന്തിച്ചു തലപുകയ്ക്കാറുമില്ല. പുതിയൊരു വസ്തു കയ്യിൽ വരുമ്പോൾ അതു കാണുന്നവർ നമ്മോടു ചോദിക്കുകയാണ്; ഹാ കൊള്ളാമല്ലോ! എവിടുന്ന് കിട്ടി? വളരെ ലാഘവത്തോടെ ഒരു പക്ഷേ നാം ഇങ്ങനെയായിരിക്കും മറുപടി നൽകുന്നത്. ഓ. ഇതോ, കഴിഞ്ഞായാഴ്ച ഗൾഫിൽ നിന്നും വന്ന അങ്കിൾ ഗിഫ്റ്റ് ചെയ്തതാ, ഇതു തന്നിട്ട് അങ്കിൾ പോയി. സുഹൃത്തേ വളരെ നിസാരമായി നാമോ മറ്റുള്ളവരോ ദാനത്തെപ്പറ്റി പറയുന്ന വാക്കാണിത്. വില ഈടാക്കാതെ, ലാഭനഷ്ടങ്ങൾ നോക്കാതെ, ഉത്തമബോധ്യത്തോടും ഏറ്റവും സംതൃപ്തിയോടും കൂടി ഒരാൾ മറ്റൊരാൾക്കു നൽകുന്ന മൂല്യമുള്ളതെന്തും ഗിഫ്റ്റായി മാറുന്നു. വില നൽകി വാങ്ങുന്ന സാധനങ്ങൾ സമ്പത്തായി മാറുമ്പോൾ മേൽപ്പറഞ്ഞ പടി ലഭിക്കുന്ന കാര്യങ്ങൾ ഹൃദയത്തിന്റെ സമ്പത്തായി മാറുകയാണ്. ഗിഫ്റ്റ് പരസ്പര ധാരണയോട്കൂടി രണ്ടുപേർ കൈമാറ്റം ചെയ്യുമ്പോൾ ചിലയാളുകൾ ജീവി

(ശേഷം മൂന്നാം പേജിൽ)

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്-ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമി (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009**
**E-mail: icm4india@yahoo.com**
**Website: www.indianchristianmission.com**

### വേദവിചാരം

## നല്ല ശമര്യാക്കാരൻ



**പാസ്റ്റർ ബിജു ബഞ്ചമിൻ**
**അടൂർ**

**ക്ഷീ**ണിതനും ചിന്താകുലനുമായ ആ ചെറുപ്പക്കാരനെ നേഴ്സ് മരിക്കാറായ വൃദ്ധന്റെ കിടക്കയ്ക്കരികിലെത്തിച്ചു. അപ്പച്ചാ. നിങ്ങളുടെ മകൻ വന്നു, ആ രോഗിയോട് അവൾ സാവധാനം പറഞ്ഞു. വൃദ്ധൻ കണ്ണുകൾ തുറക്കുന്നതിനുമുമ്പ് അവൾക്കത് പല പ്രാവശ്യം ആവർത്തിക്കേണ്ടതായി വന്നു. ഹൃദയസ്തംഭനം നിമിത്തമുള്ള വേദന നൽകിയ മയക്കം തീവ്രമായിരുന്നതിനാൽ ഓക്സിജൻ സംവിധാനത്തിന്റെ പുറത്തു നിന്ന ചെറുപ്പക്കാരനെ ആ വൃദ്ധൻ അവ്യക്തമായി കണ്ടു.

വിറയലോടെ കരം നീട്ടിയ വൃദ്ധന്റെ കൈകളിൽ ആ ചെറുപ്പക്കാരൻ തന്റെ വിരലുകളമർത്തിപ്പിടിച്ചു. സാന്ത്വനത്തിന്റെ ഒരു സന്ദേശം പകരുന്നതുപോലെ. കട്ടിലിനരികിലേക്ക് നേഴ്സ് ഒരു കസേര കൊണ്ടുവന്നു. സാന്ത്വനത്തിന്റെയും ആശ്വാസത്തിന്റെയും വാക്കുകൾ പറഞ്ഞുകൊണ്ട് ആ രാത്രി മുഴുവൻ വൃദ്ധന്റെ കരങ്ങൾ പിടിച്ചുകൊണ്ട് ആ യുവാവ് ആ കിടക്കയ്ക്കരികിൽ ഇരുന്നു. തന്റെ മകന്റെ കരങ്ങളിൽ ബലമായി പിടിച്ചതല്ലാതെ വൃദ്ധൻ ഒന്നും തന്നെ പറഞ്ഞില്ല.

ഉഷഃസന്ധ്യയിൽ ആ രോഗി മരിച്ചു, തന്റെ കൈകളിൽ വിശ്രമിച്ച വൃദ്ധന്റെ ചേതനയറ്റ കരം കിടക്കയിൽ സാവധാനം വെച്ച ശേഷം നേഴ്സിനെ വിവരമറിയിക്കുവാൻ ആ ചെറുപ്പക്കാരൻ പോയി. പ്രഥമശുശ്രൂഷകൾ നേഴ്സ് ചെയ്ത് തീരുന്നതുവരെ അയാൾ കാത്തിരുന്നു. തന്റെ ജോലി പൂർത്തിയായപ്പോൾ ആ ചെറുപ്പക്കാരനോട് സഹതാപവാക്കുകൾ അവൾ ഉരുവിട്ടു. പക്ഷേ അവൻ ഇടയ്ക്കു കയറി ചോദിച്ചു. ആരായിരുന്നു ആ മനുഷ്യൻ. അത്ഭുതപ്പെട്ട് പോയ ആ നേഴ്സ് മറുപടി പറഞ്ഞു. ഞാൻ കരുതി അദ്ദേഹം നങ്ങളുടെ പിതാവായിരിക്കുമെന്ന്. അദ്ദേഹം എന്റെ പിതാവല്ല, അയാൾ പറഞ്ഞു. ഇതിനു മുമ്പൊരിക്കലും അദ്ദേഹത്തെ ഞാൻ കണ്ടിട്ടില്ല. നേഴ്സ് ചോദിച്ചു, ഞാൻ നിങ്ങളെ ആ രോഗിയുടെ കിടക്കയ്ക്ക് അരികിൽ എത്തിച്ചപ്പോൾ എന്തുകൊണ്ട് നിങ്ങൾ ഇക്കാര്യം പറഞ്ഞില്ല. അയാൾ പറഞ്ഞു, നിങ്ങളെപ്പോലെ ഞാനും മനസ്സിലാക്കി അദ്ദേഹത്തിന് തന്റെ മകനെ ആ സമയത്ത് ആവശ്യമായിരുന്നു, തന്റെ മകൻ ആ സമയത്ത് അവിടെയില്ലായിരുന്നു. ഞാൻ തന്റെ മകനല്ലെന്ന് പറയുവാൻ അദ്ദേഹത്തിന്റെ രോഗത്തിന്റെ കാഠിന്യത അനുവദിക്കുന്നില്ല എന്ന് ഞാൻ മനസിലാക്കിയപ്പോൾ എന്റെ സാന്നിധ്യം അദ്ദേഹത്തിന് എത്രമാത്രം ആവശ്യമാണെന്ന് ഞാൻ അറിഞ്ഞു.

നല്ല ശമര്യാക്കാരന്റെ ഉപമയിൽ യേശു അവസാനം ഇപ്രകാരം ചോദിക്കുന്നു. ഈ മൂവരിൽ ഏവൻ കൂട്ടുകാരനായിത്തീർന്നു എന്ന് നിനക്ക് തോന്നുന്നു? അവനോട് കരുണ കാണിച്ചവൻ, ഇതായിരുന്നു മറുപടി. യേശു പറഞ്ഞു, നീയും പോയി അങ്ങനെതന്നെ ചെയ്ക(ലൂക്കൊസ് 9:37). നന്മ ചെയ്യുവാനുള്ള അവസരങ്ങൾ എന്നും നമ്മുടെ മുന്നിലുണ്ട്. നിസ്സാര സംഭവങ്ങളെന്ന് നമുക്ക് തോന്നുന്നവയിൽപ്പോലും നല്ലതു ചെയ്യുവാൻ നമുക്കെത്രയോ സാദ്ധ്യതകളുണ്ട്. കഥയിലെ ചെറുപ്പക്കാരന്റെ പ്രവൃത്തി നമുക്കൊരു പ്രചോദനമല്ലേ. ആത്മീയതയുടെ പൊയ്മുഖങ്ങൾ നാം അണിയുമ്പോൾ മനഃപൂർവ്വം ഇങ്ങനെയുള്ള അവസരങ്ങൾ കണ്ടില്ലെന്ന് നടിക്കുവാനല്ലേ നാം ശ്രമിക്കുന്നത്. യഥാർത്ഥ ആത്മീയത ദൃശ്യമാകുന്നത് പ്രസംഗത്തിലല്ല, പ്രവൃത്തിയിലാണ്. ലോകത്തിന്റെ ഉപ്പാണ് നാം എന്ന് അപരൻ മനസ്സിലാക്കുന്നത് നമ്മുടെ പ്രവൃത്തി അവന് രുചി പകരുമ്പോഴാണ്. മറ്റുള്ളവർക്ക് നാം വെളിച്ചമാകുന്നത് അവരുടെ ഇരുളിൽ നാം തെളിയുമ്പോഴാണ്. നന്മ ചെയ്യാനറിഞ്ഞിട്ടും അത് ചെയ്യാതിരിക്കുന്നത് പാപമാണെന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. ക്രിസ്തീയ ദൗത്യത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത ഒന്നത്രെ മറ്റുള്ളവർക്ക് നന്മ ചെയ്യുകയെന്നത്. ഒരല്പം രുചി അപരന് പകരാൻ കഴിഞ്ഞാൽ, ഒരു ചെറുവെളിച്ചമായി തെളിയാൻ കഴിഞ്ഞാൽ നമ്മുടെ പ്രവൃത്തിയിൽ ദൈവം സന്തോഷിക്കും.

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*